2. ആശുപത്രികളിൽ ഫീവർ ക്ലിനിക്, ഫീവർ വാർഡ് എന്നിവ സജ്ജീകരിച്ച് പനിബാധിതർക്ക് അനുയോജ്യമായ ചികിത്സ നൽകി.

3. ഐ.ജി.എം. എലിസ പരിശോധന ഉൾപ്പെടെയുള്ള ലബോറട്ടറി പരിശോധനാ സംവിധാനം മെച്ചപ്പെടുത്തിയതു വഴി പനി ഏതു തരത്തിലുള്ളതാണെന്ന് ഉറപ്പാക്കുവാനും ശരിയായ ചികിത്സ നൽകാനും സാധിക്കുന്നു.

4. വിവിധതരം പനികളുടെ ചികിത്സ സംബന്ധിച്ച അംഗീകൃത ചികിത്സാ മാർഗ്ഗരേഖകൾ/പ്രോട്ടോകോളുകൾ മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലും മറ്റ് സർക്കാർ ആശുപത്രികളിലും ലഭ്യമാക്കി.

5. മരുന്നുകളുടേയും അനുബന്ധ ചികിത്സാ സൗകര്യങ്ങളുടേയും ലഭ്യത ഉറപ്പുവരുത്തി.

ആശാവർക്കർമാർ

14 (721) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തുകളിലും എത്ര വീതം ആശാവർക്കർമാരെ നിയോഗിച്ചിട്ടുണ്ടെന്നും ഇവർക്ക് എത്ര രൂപ വീതമാണ് വേതനമായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ആശാവർക്കർമാരുടെ വേതനത്തിൽ കാലാകാലങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) ആശാവർക്കർമാരുടെ വേതനം നൽകുന്നതിന് എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിക്കുന്നുണ്ടോ ; അതോ സംസ്ഥാന സർക്കാർ ഫണ്ട് ആണോ ഉപയോഗിക്കുന്നത് ;

(ഡി) ആശാവർക്കർമാർക്ക് തങ്ങളുടെ ജോലിക്ക് പ്രത്യേകം പരിശീലനം നൽകാറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ആശാവർക്കർമാർക്ക് സ്ഥിര വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് നൽകുന്നത്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് ഇതിൽ വർദ്ധനവ് വന്നിട്ടുണ്ട്. സംസ്ഥാന സർക്കാർ ആശാവർക്കർമാർക്ക് പ്രതിമാസം ഓണറേറിയവും നൽകുന്നുണ്ട്. ഇത് കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുണ്ട്.

(സി) ആശാവർക്കർമാർക്ക് ഇൻസെന്റീവുകൾ നൽകുന്നത് എൻ.എച്ച്.എം. ഫണ്ട് (കേന്ദ്ര ഫണ്ട്) ഉപയോഗിച്ചാണ്. എന്നാൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ചാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

(ഡി) കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് ആശ പ്രവർത്തകർക്ക് 6 മൊഡ്യൂൾ പരിശീലനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പ്രത്യേക ആവശ്യങ്ങളനുസരിച്ചുള്ള പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

എബോള രോഗം

15 (722) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എബോള രോഗം പ്രതിരോധിക്കാൻ കേരളത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

എബോള വൈറസ് രോഗത്തെ സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റേയും നിർദ്ദേശങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, 11-8-2014-ൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല അടിയന്തിര യോഗം ചേരുകയുണ്ടായി. ടി യോഗത്തിൽ എബോളയെ നേരിടാൻ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട നടപടികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

1. എബോള സംസ്ഥാനത്ത് വരാതിരിക്കുവാൻ വേണ്ടി യാത്രക്കാരുടെ കർശനമായ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ ഇറമുഖങ്ങളിലും ഉടൻതന്നെ നടപ്പിലാക്കി. യാത്രക്കാർക്ക് തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധന കർശനമാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly